ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഡി) മുന്ന് തവണ, സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ള കടുക്, ജീരകം, ഉഴുന്ന്, പിളർന്നത്, പരിപ്പ്, വൻപയർ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ നിന്നും ഒഴിവാക്കി, ജനങ്ങൾക്ക് കൂടുതലായി ആവശ്യമുള്ള പെരുപയർ, വൻകടല, ഉഴുന്ന് പരിപ്പ്, കുറവ അരി, വെളിച്ചെണ്ണ എന്നിവയെ ഉൾപ്പെടുത്തി 6-7-2012-ൽ സബ്സിഡി സാധനങ്ങൾ പുനർ നിർണ്ണയിച്ചിരുന്നു. ഈ ക്രിയാത്മകമായ മാറ്റം ജനങ്ങൾക്ക് വളരെ ആശ്വാസം നൽകുന്നുണ്ട്. ഇതോടൊപ്പം സപ്ലൈകോ 9 സാധനങ്ങളുടെ വില കുറച്ചിട്ടുമുണ്ട്. 2011 ജനുവരി മാസത്തെ വിലയും ഇപ്പോഴത്തെ വിലയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഇ) കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. ആയതിനാൽ അവശ്യ സാധനങ്ങളുടെ സബ്സിഡി വില ആവശ്യമായ ഘട്ടത്തിൽ പുനർനിർണ്ണയിച്ച് (rationalize) സാധനങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കി മാർക്കറ്റ് ഇടപെടൽ ഫലപ്രദമാക്കുന്ന ശാസ്ത്രീയമായ പൊതുവിപണി ഇടപെടൽ നയമാണ് സപ്ലൈകോ സ്വീകരിക്കുന്നത്. കഴിഞ്ഞ ഒരു വർഷമായി സബ്സിഡി സാധനങ്ങളുടെ വിലവർദ്ധിപ്പിച്ചിട്ടില്ലെന്ന് മാത്രമല്ല ഇതിൽ പല അവശ്യ സാധനങ്ങളുടെയും വില കുറച്ചിട്ടുമുണ്ട്.

പാചകവാതക വിതരണ പദ്ധതി

224 (T' 1307) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന അദാനി ഗ്രൂപ്പിന്റെ ഗാർഹിക പാചകവാതക വിതരണ പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

എറണാകുളം ജില്ലയിലെ കൊച്ചി നഗരത്തിലും പരിസര പ്രദേശത്തും ഉള്ള ഗാർഹിക വ്യാവസായിക, ഗതാഗത മേഖലയിലുള്ള ഉപഭോക്താക്കൾക്ക് പാചക ആവശ്യത്തിനും മറ്റാവശ്യങ്ങൾക്കും പ്രകൃതി വാതകം എത്തിക്കുന്നതിനായി ഇന്ത്യൻ

---

* "T" അടിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ഓയിൽ കോർപ്പറേഷന്റെയും അദാനി ഗ്യാസിന്റെയും കൂട്ടായ സംരംഭമായ മെസ്സേഴ്സ് ഇന്ത്യൻ ഓയിൽ - അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിനെ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പെട്രോളിയം ആന്റ് നാച്വറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് പ്രതിനിധപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതിലേക്കായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാരിന് വേണ്ടി എറണാകുളം ജില്ലാ കളക്ടറെ നോഡൽ ഓഫീസറായി നിയമിച്ചുകൊണ്ട് വ്യവസായ വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്..

ഇ.പി.ആർ.എസ്. പദ്ധതി

225 (1308) ശ്രീ. പി. എ. മാധവൻ :

ശ്രീ. വി. ടി. ബൽറാം :

ശ്രീ. പാലോട് രവി :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകർക്ക് ഇ.പി.ആർ.എസ്. പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നെൽകർഷകർക്ക് EPRS പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) കർഷകരിൽനിന്ന് നെല്ല് കൈപ്പറ്റുമ്പോൾ സപ്ലൈകോയ്ക്ക് വേണ്ടി മില്ലുകൾ നല്കുന്ന രസീത് PRS-ഇലക്ട്രോണിക് സംവിധാനത്തിലൂടെ നിയന്ത്രിക്കപ്പെടുന്നതാണ് EPRS. നെല്ല് സംഭരണത്തിന് കർഷകർ അപേക്ഷ സമർപ്പിക്കുമ്പോൾ രേഖപ്പെടുത്തുന്ന മുഴുവൻ വിവരങ്ങളും Handheld POS device-ലേക്ക് GPRS സംവിധാനം വഴി കൈമാറുകയും നെല്ല് ഏറ്റെടുത്തതിന് ശേഷം നെല്ലിന്റെ തൂക്കം ഉൾപ്പെടെയുള്ള അനുബന്ധ വിവരങ്ങൾ ചേർത്ത് computer സംവിധാനത്തിലൂടെ EPRS (Electronic Paddy Receipt Sheet) പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള ഇലക്ട്രോണിക് നെല്ല് കൈപ്പറ്റ് രസീത് (EPRS) കർഷകർക്ക് ഇന്റർനെറ്റ് സൗകര്യമുള്ള ഏത് കമ്പ്യൂട്ടറിൽ നിന്നും എപ്പോൾ വേണമെങ്കിലും പ്രിന്റ് എടുക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly